കുമ്പനാട് 33 കെ.വി. സബ്സ്റ്റേഷൻ

145 (928)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ കുമ്പനാട് 33 കെ.വി. സബ്സ്റ്റേഷന്റെ പണി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഈ സബ്സ്റ്റേഷന്റെ പണി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത സ്റ്റേഷന്റെ സ്ഥലമെടുപ്പു നടപടി പൂർത്തിയായിട്ടുണ്ടോ;

(ഡി) സബ്സ്റ്റേഷന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി)&(സി) സബ്സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലമേറ്റെടക്കുന്നതിനുള്ള അനുമതി നൽകിക്കഴിഞ്ഞു.

(ഡി) സ്ഥലമെടുപ്പ് പൂർത്തിയായാലുടനെ നിർമ്മാണപ്രവർത്തനങൾ ആരംഭിക്കുന്നതാണ്.

കൊടുങ്ങല്ലൂരിൽ സബ്സ്റ്റേഷൻ നിർമ്മിക്കാനുള്ള നടപടി

146 (929)പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂരിൽ കെ.എസ്.ഇ.ബി.യുടെ സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടിക്രമം വിശദമാക്കുമോ;

(സി) സബ്സ്റ്റേഷന്റെ പണി ഈ സാമ്പത്തികവർഷം തന്നെ ആരംഭിക്കുമോ എന്നറിയിക്കുമോ?

ഉത്തരം

(എ) കൊടുങ്ങല്ലൂരിൽ ഒരു 66 കെ.വി. സബ്സ്റ്റേഷൻ നിലവിലുണ്ട്. പുതുതായി മേത്തലയിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) ബോർഡ് അനുമതി ആയിട്ടുണ്ട്.

(സി) പണി ഈ സാമ്പത്തികവർഷം തന്നെ ആരംഭിക്കാമെന്നാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly